"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSMDCL)- ലെ സ്ഥിരം ജീവനക്കാരായിരുന്ന ശ്രീ. ബിജു ജോസഫ്, ടൈപ്പിസ്റ്റ് ഗ്രേഡ്-II, ശ്രീമതി. മോഹിനി.റ്റി.വി., പി.ടി.എസ് (Late) എന്നീ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പള വർദ്ധനവ് 01/07/2019 പ്രാബല്യത്തിൽ നടപ്പിൽ വരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്

സ.ഉ.(കൈ) നം.12/2025/F&P തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:- 1. സ. ഉ. (അച്ചടി) നം.27/2021/ധന തീയതി 10/02/2021.

2. കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27/03/2024, 22/10/2024, തീയതികളിലെ HOKMB-TVM/42/2023-B2 നമ്പർ കത്തുകൾ.

ഉത്തരവ്

കേരള മാരിടൈം ബോർഡ് ആക്ട് 2017 -ലെ 10-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ കേരള മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ എല്ലാ ആസ്തികളും അവകാശങ്ങളും പ്രസ്തുത ആക്ടിലെ 11-ാം വകുപ്പ് പ്രകാരം മാരിടൈം ബോർഡിലേയ്ക്ക് കൈമാറ്റം ചെയ്ത് ഉത്തരവായിട്ടുണ്ട്. സംസ്ഥാന ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ശമ്പള വർദ്ധനവ് 2019 ജൂലൈ മാസം മുതൽ നടപ്പിൽ വരുത്തുകയും കേരള മാരിടൈം ബോർഡിലെ സ്ഥിരം ജീവനക്കാരായ സർക്കാർ ജീവനക്കാർക്ക് 2021 മാർച്ച് മാസം മുതൽ ടി ശമ്പള വർദ്ധനവ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേരള മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ സ്ഥിരം ജീവനക്കാരായിരുന്ന ശ്രീ. ബിജു ജോസഫ്, ടൈപ്പിസ്റ്റ് ഗ്രേഡ്-II, ശ്രീമതി.മോഹിനി.റ്റി.വി., പി.ടി.എസ് (Late) എന്നിവർക്ക് ഇതുവരെ പതിനൊന്നാം ശമ്പള പരിഷ്കരണം അനുസരിച്ചുള്ള ശമ്പള വർദ്ധനവ് നടപ്പിലാക്കിയിരുന്നില്ല. ടി ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പള വർദ്ധനവ് നടപ്പിൽ വരുത്തുന്നതിന് അനുമതി

നൽകണമെന്നും ഇതിനായി ചിലവാകുന്ന തുക കേരള മാരിടൈം ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണെന്നും പരാമർശം (2) കത്ത് പ്രകാരം കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSMDCL)- ലെ സ്ഥിരം ജീവനക്കാരായിരുന്ന ശ്രീ. ബിജു ജോസഫ്, ടൈപ്പിസ്റ്റ് ഗ്രേഡ്-II, ശ്രീമതി. മോഹിനി.റ്റി.വി., പി.ടി.എസ് (Late) എന്നിവർക്ക് 01.07.2019 പ്രാബല്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പള പരിഷ്കരണം ചുവടെ നിർദ്ദേശിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി നടപ്പിൽ വരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| തസ്തിക | നിലവിലെ ശമ്പള സ്കെയിൽ (Rs) | പുതുക്കേണ്ട ശമ്പള സ്കെയിൽ (Rs) |
|---|---|---|
| ടൈപ്പിസ്റ്റ് ഗ്രേഡ് II | 20000-45800 | 27900-63700 |
| പാർട്ട് ടൈം സ്വീപ്പർ | 8200-13340 | 11500-18940 |

<u>നിബന്ധനകൾ</u>

1. മേൽ ശമ്പള പരിഷ്കരണം 01. 07. 2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 01.07.2019 ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.

3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021 ലെ സ.ഉ (പി) നം. 27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

4. 10.02.2021 തീയതിയിലെ ജി. ഒ. (പി) നം. 27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.

5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12, 13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. ബോർഡിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരന് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടകബത്ത അനുവദിക്കാവുന്നതാണ്.

6. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.

7. ഭിന്നശേഷി ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

8. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ /മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.

9. ശമ്പള പരിഷ്കരണ കടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.

10. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് .

11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താൽക്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

13. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

14. ഇ പി എഫ് സംബന്ധിച്ച് നിലവിലെ കേന്ദ്ര ഗവൺമെന്റ് നിയമപ്രകാരം എംപ്ലോയറുടെ ഇ പി എഫ് വിഹിതം പരമാവധി 15,000 (Basic pay + DA) രൂപയുടെ 12% ആയി നിജപ്പെടുത്തിയിട്ടുണ്ട്.

15. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

16. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

17. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ബോർഡിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

18. ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ബോർഡിൽ നടപ്പാക്കാൻ പാടില്ല.

19. ശമ്പള പരിഷ്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത ബോർഡ് സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല.

20. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ് സി) വകുപ്പ് (30.04.2025 തീയതിയിലെ ഇനം നം.2916 പ്രകാരം)

ധനകാര്യ വകുപ്പ് (WCD-2/143/2023-FIN dated 22.02.2025 പ്രകാരം)

പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Anitha R S
Date: 02-06-2025 10:53:29
സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പി എസിന്
ബഹു. തുറമുഖ വകുപ്പ് മന്ത്രിയുടെ പി എസിന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 30-04-2025

ഫയൽ നം. 107/ഡി2/2023/മ.തു.വ. ഇനം നം: 2916

വിഷയം : മത്സ്യബന്ധന-തുറമുഖ വകുപ്പ് - കേരള മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSMDCL)-ലെ സ്ഥിരം ജീവനക്കാരായിരുന്ന ശ്രീ. ബിജു ജോസഫ്, ടൈപ്പിസ്റ്റ് ഗ്രേഡ്-II, ശ്രീമതി. മോഹിനി റ്റി.വി., പി.ടി.എസ്. (Late) എന്നീ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പള വർദ്ധനവ് 01.07.2019 പ്രാബല്യത്തിൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി നടപ്പിൽ വരുത്തുന്നതിന് അനുമതി തേടുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Sarada
ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, തുറമുഖ വകുപ്പ്.

2/5

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 107/ഡി 2/2023/മ.തു.വ. |
| 2 | വകുപ്പ് | മത്സ്യ ബന്ധന തുറമുഖ (ഡി) വകുപ്പ് |
| 3 | വിഷയം | കേരള മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSMDCL)- ലെ സ്ഥിരം ജീവനക്കാരായിരുന്ന ശ്രീ. ബിജു ജോസഫ്, ടൈപ്പിസ്റ്റ് ഗ്രേഡ്-II, ശ്രീമതി. മോഹിനി.റ്റി.വി., പി.ടി.എസ് (Late) എന്നീ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പള വർദ്ധനവ് 01/07/2019 പ്രാബല്യത്തിൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി നടപ്പിൽ വരുത്തുന്നതിന് അനുമതി തേടുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 24/03/25 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ<br>ഉണ്ട് . |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല<br>ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ഗിരിജ കുമാരി ജി |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ഡോ. എ കൗശിഗൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 21.04.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26.04.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി. എൻ. വാസവൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28.04.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 28.04.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 30.04.2025 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും, തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. കേരള മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSMDCL)- ലെ സ്ഥിരം ജീവനക്കാരായിരുന്ന ശ്രീ. ബിജു ജോസഫ്, ടൈപ്പിസ്റ്റ് ഗ്രേഡ്-II, ശ്രീമതി. മോഹിനി.റ്റി.വി., പി.ടി.എസ് (Late) എന്നീ ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പള വർദ്ധനവ് 01/07/2019 പ്രാബല്യത്തിൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി നടപ്പിൽ വരുത്തുന്നതിന് അനുമതി നേടുന്നതിനാണ് ഈ കുറിപ്പ്.

2. 2017 ലെ കേരള മാരിടൈം ബോർഡ് ആക്ടിലെ 10-ാം വകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ കേരള മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ എല്ലാ ആസ്തികളും അവകാശങ്ങളും പ്രസ്തുത ആക്ടിലെ 11-ാം വകുപ്പ് പ്രകാരം മാരിടൈം ബോർഡിലേക്ക് കൈമാറ്റം ചെയ്ത് ഉത്തരവായിട്ടുണ്ട്. ശ്രീ. ബിജു ജോസഫ് നിലവിൽ കേരള മാരിടൈം ബോർഡ്, കൊടുങ്ങല്ലൂർ ഓഫീസിൽ ജോലി ചെയ്തുവരികയാണ്. ശ്രീമതി. മോഹിനി. റ്റി. വി., പി.ടി.എസ് കൊച്ചി റീജിയണൽ ഓഫീസിലെ ജീവനക്കാരി ആയിരിക്കേ 28/01/2023 ൽ മരണപ്പെട്ടു.

3. സംസ്ഥാന ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശ പ്രകാരമുള്ള ശമ്പള വർദ്ധനവ് ജൂലൈ 2019 മുതൽ നടപ്പിൽ വരുത്തുകയും 2021 മാർച്ച് മാസം മുതൽ കേരള മാരിടൈം ബോർഡിലെ സ്ഥിരജീവനക്കാരായ സർക്കാർ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശ്രീ. ബിജു ജോസഫ്, ടൈപ്പിസ്റ്റ് ഗ്രേഡ്-II, ശ്രീമതി. മോഹിനി. റ്റി. വി., പി.ടി.എസ് എന്നിവർക്ക് ഇതുവരെ പതിനൊന്നാം ശമ്പള പരിഷ്കരണം അനുസരിച്ചുള്ള ശമ്പള വർദ്ധനവ് നടപ്പിലാക്കിയിട്ടില്ല. Public Sector Undertaking / Statutory Corporation/Board/Autonomous Bodies and Government Grant in aid Institutions എന്നിവിടങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണ ആനുകൂല്യം ലഭ്യമാക്കുന്നതിന് 10-02-2021 തീയതിയിലെ സ.ഉ (പി) നം.27/2021/ധന പാര 35 പ്രകാരം സർക്കാർ അനുമതി ലഭിക്കേണ്ടതുണ്ട്.

4. 1956-ലെ COMPANIES ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ സർക്കാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് 02/05/2019-ലെ എസ്. ആർ. ഒ. നം. 315/19 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും, കേരള മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷന്റെ എല്ലാ ആസ്തികളും, അവകാശങ്ങളും കേരള മാരിടൈം ബോർഡ് ആക്ടിലെ 11-ാം വകുപ്പ് പ്രകാരം കേരള മാരിടൈം ബോർഡിലേക്ക് കൈമാറ്റം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്രകാരം കൈമാറ്റം ചെയ്ത ജീവനക്കാരെ എങ്ങനെ നില നിർത്തുമെന്ന കാര്യത്തിൽ കേരള മാരിടൈം ബോർഡ് ആക്ടിലോ, സർക്കാർ ഉത്തരവിലോ വ്യക്തത വരുത്തിയിട്ടില്ല. 2022 ലെ കേരള മാരിടൈം ബോർഡ് ഭേദഗതി ആക്ട് (നം. 7)-ൽ താഴെപ്പറയുന്ന പ്രകാരം പരാമർശിച്ചിട്ടുണ്ട് .

**"17. തുറമുഖ ഡയറക്ടറേറ്റിലെയും കാര്യാലയങ്ങളിലെയും ജീവനക്കാരെ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.- (1) ഈ ആക്ടിൽ എന്തുതന്നെ അടങ്ങിയിരുന്നാലും**

**നിശ്ചയിക്കപ്പെട്ട ദിവസവും അന്നുവരെയും തുറമുഖ ഡയറക്ടറേറ്റിലും തുറമുഖകാര്യാലയങ്ങളിലും ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും അതുപോലെ സർക്കാർ ജീവനക്കാരായി തുടരുന്നതും അവർക്ക് ബോർഡ് രൂപീകരിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്ന എല്ലാവിധ അവകാശങ്ങളും അവരുടെ സൂപ്പറാന്വേഷനോടു കൂടി, അപ്രകാരമുളള തസ്തികകൾ അവസാനിക്കുന്ന വിധത്തിൽ തുടരാവുന്നതുമാണ്.**

**(2) (1)-ാം ഉപ വകുപ്പിലെ യാതൊന്നും തന്നെ പ്രസ്തുത ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും നിർണ്ണയിക്കപ്പെടാവുന്ന വിധത്തിൽ ഓപ്ഷൻ നൽകി ബോർഡിലെ ജീവനക്കാരായി മാറുന്നതിനെ തടയുന്നതല്ല."**

5. കേരള മാരിടൈം ബോർഡ് ആക്ട് 2017 സെക്ഷൻ 17 (2) പ്രകാരം കൈമാറിയ സർക്കാർ ജീവനക്കാർക്ക് ഓപ്ഷൻ നൽകി ബോർഡിലെ ജീവനക്കാരായി മാറാമെന്നു പറയുന്നുണ്ടെങ്കിലും കൈമാറിയ KSMDCL-ലെ ജീവനക്കാർക്ക് അത്തരം ഓപ്ഷൻ ഉള്ളതായി പറയുന്നില്ല. ഇക്കാരണത്താൽ KSMDCL-ൽ നിന്നും ബോർഡിലേക്ക് കൈമാറ്റം ചെയ്ത ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള സർവീസ് സംബന്ധമായ കാര്യങ്ങൾ അനുവദിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ശ്രീ. ബിജു ജോസഫ്, ടൈപ്പിസ്റ്റ് ഗ്രേഡ് II, മോഹിനി. റ്റി .വി (ലേറ്റ്) എന്നിവർ ഇപ്രകാരം KSMDCL-ൽ നിന്നും മാരിടൈം ബോർഡിലേക്ക് കൈമാറിയ ജീവനക്കാരാണ്. കേരളാ മാരിടൈം ബോർഡ് ആക്ട് തുറമുഖ വകുപ്പിലെ ജീവനക്കാരുടെ സേവനം ഏത് രീതിയിൽ കൈകാര്യം ചെയ്യണമെന്ന് പരാമർശിച്ച വെങ്കിലും KSMDCL ജീവനക്കാരുടെ സേവനകാര്യം ഏത് രീതിയിലായിരിക്കണമെന്ന് പരമാർശമില്ലാത്തതാണ് ഇത്തരത്തിൽ ഒരു അവസ്ഥ സംജാതമാകാൻ കാരണം.

6. ഈ ജീവനക്കാരുടെ സേവനം ഇപ്പോൾ മാരിടൈം ബോർഡ് ആണ് ഉപയോഗിക്കുന്നത് എന്നതിനാലും ഇവിടെ ജീവനക്കാർ വിരമിക്കുന്നതിന് പകരം നിയമനം നടക്കാത്തതിനാലും KSMDCL ലെ ജീവനക്കാരെ മാരിടൈം ബോർഡ് ജീവനക്കാരായി പരിഗണിക്കുകയാണ് ഒരേയൊരു പോംവഴിയായുള്ളത്. ആയതിനാൽ ഇതൊരു സ്പെഷ്യൽ കേസ് ആയി കണക്കാക്കി ശ്രീ. ബിജു ജോസഫ്, ശ്രീമതി. മോഹിനി റ്റി. വി. (ലേറ്റ്) എന്നിവർക്ക് 11- ാമത് ശമ്പള പരിഷ്കരണം അനുവദിച്ച് ഉത്തരവുണ്ടാകണമെന്നും ഇതിനായി ചെലവാകുന്ന തുക സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത തരത്തിൽ കേരള മാരിടൈം ബോർഡിന്റെ ജനറൽ ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ് എന്നും കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ അറിയിക്കുകയുണ്ടായി.

7. ഈ വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം താഴെ പറയുന്നു.

"കേരള മാരിടൈം ബോർഡിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ നിന്നും സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് വിലയിരുത്താവുന്നതാണ്. KMB യിൽ ശമ്പള പരിഷ്കരണം അനുവദിക്കേണ്ടത് രണ്ട് ജീവനക്കാർക്ക് മാത്രമായതിനാലും (ശ്രീ. ബിജു ജോസഫ്, ശ്രീമതി. മോഹിനി. റ്റി.വി (late)), ടി ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് മുഖേനയുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത 5.51 ലക്ഷം രൂപയാണെന്ന ബോർഡിന്റെ റിപ്പോർട്ട് കണക്കിലെടുത്തും

ഇരുവരുടെയും ഈ ബാദ്ധ്യത സർക്കാരിന് ബാധ്യതയുണ്ടാകാത്ത തരത്തിൽ കേരള മാരിടൈം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ് എന്ന KMB, CEO റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, നിലവിൽ സ്ഥാപനത്തിലെ രണ്ട് ജീവനക്കാരുടെയും (മരണം വരെ മോഹിനി റ്റി.വി യുടെയും നിലവിൽ ബിജു ജോസഫിനും) ശമ്പളം KMB യുടെ ജനറൽ ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത് എന്നും കൂടാതെ ഇരുവരുടെയും KSMDCL ൽ നിന്ന് ഒടുക്കേണ്ട ഇ.പി.എഫ് വിഹിതവും KMB യുടെ ജനറൽ ഫണ്ടിൽ നിന്നാണ് നൽകുന്നത് എന്ന് അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും കേരള മാരിടൈം ബോർഡിലെ ജീവനക്കാരായ ശ്രീ. ബിജു ജോസഫ്, ശ്രീമതി. മോഹിനി. റ്റി. വി (late) എന്നിവർക്ക് ചുവടെ പരാമർശിക്കും പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി 01.07.2019 പ്രാബല്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണം അനുവദിക്കാവുന്നതാണ്.

| തസ്തിക | നിലവിലെ ശമ്പള സ്കെയിൽ | പുതുക്കേണ്ട ശമ്പള സ്കെയിൽ |
|---|---|---|
| ടൈപ്പിസ്റ്റ് ഗ്രേഡ് II | 20000–45800 | 27900–63700 |
| പാർട്ട് ടൈം സ്വീപ്പർ | 8200–13340 | 11500–18940 |

**നിബന്ധനകൾ**

1. മേൽ ശമ്പള പരിഷ്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.
2. 01.07.2019 ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.
3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021 ലെ സ.ഉ (പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
4. 10.02.2021 തീയതിയിലെ ജി.ഒ.(പി)നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.
5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12,13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. ബോർഡിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരന് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടകബത്ത അനുവദിക്കാവുന്നതാണ്.
6. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.
7. ഭിന്നശേഷി ജീവനക്കാർക്ക് പ്രതിമാസം 1100/- രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.
8. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ /മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.

9. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.
10. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് .
11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താല്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.
12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.
13. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.
14. ഇ പി എഫ് സംബന്ധിച്ച് നിലവിലെ കേന്ദ്ര ഗവൺമെന്റ് നിയമപ്രകാരം എംപ്ലോയറുടെ ഇ പി എഫ് വിഹിതം പരമാവധി 15,000 (Basic pay + DA) രൂപയുടെ 12% ആയി നിജപ്പെടുത്തിയിട്ടുണ്ട്.
15. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.
16. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
17. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ബോർഡിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.
18. ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ബോർഡിൽ നടപ്പാക്കാൻ പാടില്ല.
19. ശമ്പള പരിഷ്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത ബോർഡ് സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല.
20. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.
21. ശമ്പള പരിഷ്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയും ചെയ്യേണ്ടതാണ്.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

8. കേരള മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSMDCL)- ലെ സ്ഥിരം ജീവനക്കാരായിരുന്ന ശ്രീ. ബിജു ജോസഫ്, ടൈപ്പിസ്റ്റ് ഗ്രേഡ്-II, ശ്രീമതി. മോഹിനി. റ്റി. വി., പി.ടി.എസ് (Late) എന്നിവർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പള പരിഷ്കരണം അനുവദിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

കേരള മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KSMDCL)- ലെ സ്ഥിരം ജീവനക്കാരായിരുന്ന ശ്രീ. ബിജു ജോസഫ്, ടൈപ്പിസ്റ്റ് ഗ്രേഡ്-II, ശ്രീമതി. മോഹിനി. റ്റി. വി., പി.ടി.എസ് (Late) എന്നിവർക്ക് 01.07.2019 പ്രാബല്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ പ്രകാരമുള്ള ശമ്പള പരിഷ്കരണം ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി നടപ്പിൽ വരുത്തുന്നതിന് അനുമതി നൽകാമോ?

**GOVERNMENT OF KERALA**
**(SRI. PINARAYI VIJAYAN MINISTRY)**
NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No. | D2/107/2023/F&PD |
| 2 | Department | Fisheries and Ports (D) Department |
| 3 | Subject | Sanction for the implementation of revision of pay & allowances w.e.f. 01/07/2019 to Sri. Biju Joseph, Typist Grade II, Smt. Mohini T V, Part Time Sweeper (Late), who were the permanent employees of Kerala State Maritime Development Corporation Ltd.(KSMDCL), based on the conditions prescribed by Finance Department and as recommended by the Eleventh Pay Revision Commission-reg. |
| 4 | Date of Chief Minister's order for placing before the Council | 24/03/25 |
| 5 | (i) Does the case involve financial : commitments/implications<br><br>(ii) If the answer to the above is in the : affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council? | Yes<br><br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the note for the Council | No |
| 7 | Name of Additional Secretary who submitted the Draft Note | Smt. Girija Kumari G |
| 8 | Name of Special Secretary who approved the Draft Note | Dr. A. Kowsigan |
| 9 | Date of approval of the Draft Note for the Council by the Special Secretary | 21.04.2025 |
| 10 | Name of Chief Secretary who approved the Draft Note | Smt. Sarada Muraleedharan |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 26.04.2025 |
| 12 | Name of Minister who approved the draft Note | Sri. V. N. Vasavan |
| 13 | Date of approval of the Draft Note for the Council by the Minister | 28.04.2025 |
| 14 | Date of submission of fair copies | 28.04.2025 |
| 15 | Date of decision by the Council of Ministers | 30.04.2025 |
| 16 | Number and date of the G.O./ letter communicating the decision | |

## NOTE FOR THE COUNCIL OF MINISTERS

1) This note deals with granting permission for the implementation of revision of pay & allowances to Sri. Biju Joseph, Typist Grade II, Smt. Mohini T V, Part Time Sweeper (Late), who were the permanent employees of Kerala State Maritime Development Corporation Ltd. (KSMDCL), with effect from 01/07/2019 based on the conditions prescribed by Finance Department and as recommended by the Eleventh Pay Revision Commission.

2) All the assets and rights of the Kerala State Maritime Development Corporation Limited, vested in the Government under Section 10 of the Kerala Maritime Board Act, 2017, have been transferred to the Kerala Maritime Board under Section 11 of the said Act. Sri. Biju Joseph is currently working in the office of the Kerala Maritime Board at Kodungallur. Smt. Mohini. T. V., passed away on 28/01/2023 while working as Part Time Sweeper in Regional Office, Kochi.

3) The revised pay for state Govt. employees as per the recommendations of the Eleventh Pay Revision Commission has been implemented from July, 2019, and accordingly the enhanced salary is being drawn by the permanent employees of the Kerala Maritime Board from March, 2021. However, the revision of pay as per the $11^{th}$ Pay revision has not yet been sanctioned to Sri. Biju Joseph, Typist Grade-II, and Smt. Mohini. T. V., P.T.S (Late). As per Para 35 of G.O. (P) No. 27/2021/Fin dated 10-02-2021, Government approval is required to provide revision of pay and allowances to employees of Public Sector Undertaking/Statutory Corporation/Board/Autonomous Bodies and Government Grant in aid Institutions.

4) The Govt. has issued a notification vide SRO. No.315/2019 dated 02/05/2019 vesting Kerala State Maritime Development Corporation Ltd., which is registered under the Companies Act 1956, in Government and all the assets and rights of KSMDCL have been transferred to Kerala Maritime Board as per Section 11 of Kerala Maritime Board Act, 2017. However, neither the Kerala Maritime Board Act nor the Government order has clarified how the transferred employees will be retained. But in the Kerala Maritime Board Amendment Act-2022, (Sl.No.7), it is provided as follows.

" *17. Special provisions regarding employees of the Port Directorate and offices of the Ports.—(1) Notwithstanding anything contained in this Act, the officers and other employees who worked in the Directorate of Ports and Port offices on and till the appointed day, shall continue as Government employees as such with all the rights that would have been available to them if the Board had not been constituted and may continue as a vanishing category on their superannuation;*

*(2) Nothing in sub-section (1) shall prevent such officers and employees from becoming employees of the Board by giving an option as may be prescribed."*

5) Section 17 (2) of the Kerala Maritime Board Act, 2017 states that the transferred Government employees can be given an option to become employees of the Kerala Maritime Board but the transferred employees of KSMDCL are said to have no such option. Due to this reason many difficulties are being faced in sanctioning service related matters including pay revision of employees transferred from KSMDCL to the Board. Sri. Biju Joseph, Typist Grade-II, and Smt. Mohini. T. V., P.T.S (Late) are the employees thus transferred from KSMDCL to Maritime Board. The reason for this situation is because the Kerala Maritime Board Act has provisions on how the services of the Port Department employees should be handled, but there are no clear provisions on how the services of the KSMDCL employees should be handled.

6) Since the services of these employees are currently being used by the Maritime Board and there is no recruitment in lieu of the retirement of employees in the Board, the only option is to treat the employees of KSMDCL as employees of the Maritime Board. Therefore, the Chief Executive Officer, Kerala Maritime Board has informed that, revision of pay and allowances as per the 11th Pay revision may be sanctioned to Sri. Biju Joseph, Typist Grade-II, and Smt. Mohini. T. V., P.T.S (Late) by considering this as a special case and the amount spent for the purpose will be allocated from the general fund of Kerala Maritime Board so that the government does not incur any financial burden.

7) The matter was consulted with the Finance Department and that Department opined as follows,

"കേരള മാരിടൈം ബോർഡിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ നിന്നും സ്ഥാപനം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് വിലയിരുത്താവുന്നതാണ്. KMB യിൽ ശമ്പള പരിഷ്ക്കരണം അനുവദിക്കേണ്ടത് രണ്ട് ജീവനക്കാർക്ക് മാത്രമായതിനാലും (ശ്രീ. ബിജു ജോസഫ്, ശ്രീമതി. മോഹിനി. റ്റി.വി (late)), ടി ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുന്നത് മുഖേനയുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത 5.51 ലക്ഷം രൂപയാണെന്ന ബോർഡിന്റെ റിപ്പോർട്ട് കണക്കിലെടുത്തും ഇരുവരുടെയും ഈ ബാദ്ധ്യത സർക്കാരിന് ബാധ്യതയുണ്ടാകാത്ത തരത്തിൽ കേരള മാരിടൈം ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ് എന്ന KMB, CEO റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, നിലവിൽ സ്ഥാപനത്തിലെ രണ്ട് ജീവനക്കാരുടെയും (മരണം വരെ മോഹിനി റ്റി.വി യുടെയും നിലവിൽ ബിജു ജോസഫിനും) ശമ്പളം KMB യുടെ ജനറൽ ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത് എന്നും കൂടാതെ ഇരുവരുടെയും KSMDCL ൽ നിന്ന് ഒടുക്കേണ്ട ഇ.പി.എഫ് വിഹിതവും KMB യുടെ ജനറൽ ഫണ്ടിൽ നിന്നാണ് നൽകുന്നത് എന്ന് അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും കേരള മാരിടൈം ബോർഡിലെ ജീവനക്കാരായ ശ്രീ. ബിജു ജോസഫ്, ശ്രീമതി. മോഹിനി. റ്റി. വി (late) എന്നിവർക്ക് ചുവടെ പരാമർശിക്കും പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി 01.07.2019 പ്രാബല്യത്തിൽ പതിനൊന്നാം ശമ്പള പരിഷ്ക്കരണം അനുവദിക്കാവുന്നതാണ്.

| തസ്തിക | നിലവിലെ ശമ്പള സ്കെയിൽ | പുതുക്കേണ്ട ശമ്പള സ്കെയിൽ |
|---|---|---|
| ടൈപ്പിസ്റ്റ് ഗ്രേഡ് II | 20000–45800 | 27900–63700 |
| പാർട്ട് ടൈം സ്വീപ്പർ | 8200–13340 | 11500–18940 |

**<u>നിബന്ധനകൾ</u>**

1. മേൽ ശമ്പള പരിഷ്കരണം 01.07.2019 മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.
2. 01.07.2019 ന് നിലവിലുള്ള 28% ക്ഷാമബത്ത അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിക്കപ്പെടുന്നതും, പരിഷ്കരിച്ച സ്കെയിലിൽ 01.07.2019 ലെ ക്ഷാമബത്ത പൂജ്യം ആയിരിക്കുന്നതുമാണ്.
3. ശമ്പള നിർണ്ണയം സംബന്ധിച്ച ചട്ടങ്ങളിൽ 10.02.2021 ലെ സ.ഉ (പി)നം.27/2021/ധന ഉത്തരവിലെ അനക്സർ II ലെ വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.
4. 10.02.2021 തീയതിയിലെ ജി.ഒ.(പി)നം.27/2021/ഫിൻ ഉത്തരവിലെ അനക്സർ III പ്രകാരം പരിഷ്കരിച്ച ശമ്പള സ്റ്റേജ് അനുവദിക്കേണ്ടതാണ്.
5. വീട്ട് വാടക ബത്ത 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ ഖണ്ഡിക 12,13 ലെ വ്യവസ്ഥകൾക്കനുസൃതമായി അനുവദിക്കാവുന്നതാണ്. ബോർഡിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരന് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ പരിഷ്കരിച്ച വീട്ടു വാടകബത്ത അനുവദിക്കാവുന്നതാണ്.
6. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുന്ന മാസത്തിലെ ആദ്യ ദിവസം മുതൽ സിറ്റി കോമ്പൻസേറ്ററി അലവൻസ് നിർത്തലാക്കപ്പെടുന്നതാണ്.
7. ഭിന്നശേഷി ജീവനക്കാർക്ക് പ്രതിമാസം 1100/– രൂപ സ്പെഷ്യൽ അലവൻസിന് അർഹതയുണ്ടായിരിക്കുന്നതാണ്.
8. മേൽപ്പറഞ്ഞവയല്ലാതെ മറ്റ് അലവൻസുകൾ /മറ്റ് ആനുകൂല്യങ്ങൾ എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ അനുവദിക്കുവാൻ പാടില്ല.
9. ശമ്പള പരിഷ്കരണ കുടിശ്ശിക വിതരണം ടി വിഷയത്തിലുള്ള സർക്കാർ തീരുമാനത്തിനനുസൃതമായിരിക്കും.
10. സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് 10.02.2021 ലെ സ.ഉ (പി) നം.27/2021/ധന ഉത്തരവിലെ അനക്സർ VI ലെ ഖണ്ഡിക 16, 22 ഒഴികെയുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ് .
11. മുൻകൂർ സർക്കാർ അനുമതിയില്ലാതെ പുതിയ തസ്തികകൾ (റെഗുലർ, ഡെപ്യൂട്ടേഷൻ, താല്കാലികം, ദിവസക്കൂലി, കരാർ അടിസ്ഥാനം മുതലായവ) സൃഷ്ടിക്കുവാനോ, നിലവിലുള്ള സ്കെയിൽ ഉയർത്തുവാനോ, സർക്കാർ അനുമതിയില്ലാത്ത തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല.

12. മുൻകൂർ സർക്കാർ അനുമതിയില്ലാതെ റേഷ്യോ പ്രൊമോഷൻ, തസ്തികകളുടെ അപ്ഗ്രഡേഷൻ, ഡൗൺഗ്രഡേഷൻ, പുനർനാമകരണം എന്നിവ നടപ്പാക്കാൻ പാടില്ല.

13. ശമ്പള പരിഷ്കരണ ഉത്തരവിലെ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ടാകുന്ന പക്ഷം തീരുമാനമെടുക്കുന്നതിന് മുൻപ് സർക്കാരിന്റെ അഭിപ്രായം ആരായേണ്ടതാണ്.

14. ഇ പി എഫ് സംബന്ധിച്ച് നിലവിലെ കേന്ദ്ര ഗവൺമെന്റ് നിയമപ്രകാരം എംപ്ലോയറുടെ ഇ പി എഫ് വിഹിതം പരമാവധി 15,000 (Basic pay + DA) രൂപയുടെ 12% ആയി നിജപ്പെടുത്തിയിട്ടുണ്ട്.

15. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ ശമ്പളം, അലവൻസുകൾ, ലീവ്, പ്രൊമോഷൻ, പെൻഷൻ പ്രായം എന്നിവ മുൻകൂർ സർക്കാർ അനുമതിയില്ലാതെ മാറ്റം വരുത്താൻ പാടില്ല.

16. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ഈ ശമ്പള പരിഷ്കരണം ബാധകമല്ല. താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ പാടില്ല. കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ടി നിയമനം മൂലം സ്ഥിര നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

17. സർക്കാർ ജീവനക്കാർക്ക് അനുവദനീയമല്ലാത്ത ആനുകൂല്യങ്ങൾ എന്തെങ്കിലും ബോർഡിലെ ജീവനക്കാർക്ക് നല്കുന്നുണ്ടെങ്കിൽ ആയത് ശമ്പള പരിഷ്കരണ ഉത്തരവ് നടപ്പിലാക്കുന്നതിനു മുമ്പ് നിർത്തലാക്കേണ്ടതാണ്.

18. ശമ്പള പരിഷ്കരണത്തിന് അനുബന്ധമായി പിന്നീട് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ മുൻകൂർ സർക്കാർ അനുമതിയില്ലാതെ ബോർഡിൽ നടപ്പാക്കാൻ പാടില്ല.

19. ശമ്പള പരിഷ്കരണത്തിന് ആവശ്യമായ അധിക സാമ്പത്തിക ബാദ്ധ്യത ബോർഡ് സ്വന്തം വരുമാന മാർഗ്ഗങ്ങളിൽ നിന്ന് കണ്ടെത്തേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു ബാദ്ധ്യതയും ഏറ്റെടുക്കുന്നതല്ല.

20. മേൽ നിബന്ധനകളിൽ സർക്കാർ അംഗീകാരമില്ലാതെ നടത്തുന്ന വ്യതിയാനങ്ങൾക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതാണ്.

21. ശമ്പള പരിഷ്കരണ ശിപാർശ ധനകാര്യ വകുപ്പിന്റെ അഭിപ്രായം സഹിതം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും കരട് ശമ്പള പരിഷ്കരണ ഉത്തരവ് സൂക്ഷ്മ പരിശോധനയ്ക്കായി ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയും ചെയ്യേണ്ടതാണ്.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

8) The Hon. Chief Minister has ordered to place the matter of obtaining approval for the implementation of revision of pay & allowances to Sri. Biju Joseph, Typist Grade II, Smt. Mohini T V, Part Time Sweeper (Late), who were the permanent employees of Kerala State Maritime Development Corporation Ltd. (KSMDCL), as recommended by the Eleventh Pay Revision Commission before the Council of Ministers.

## Point for decision

Whether sanction may be accorded for the implementation of revision of pay & allowances to Sri. Biju Joseph, Typist Grade II, Smt. Mohini T V, Part Time Sweeper (Late), who were the permanent employees of Kerala State Maritime Development Corporation Ltd.(KSMDCL), with effect from 01/07/2019, subject to the conditions prescribed by Finance Department and as recommended by the Eleventh Pay Revision Commission?